II. അടിയന്തിരപ്രമേയം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ പണിമുടക്ക്

9.30 a. m.

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർ നടത്തിവരുന്ന പണിമുടക്കിന്റെ ഫലമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നതിൽ നിന്നും ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു ഇന്നത്തെ സാധാരണ നടപടികളെ നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് റൂൾ അമ്പതു അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ നോട്ടീസ് നൽകിയിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): സർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭാഗികമായി ചില പണിമുടക്കുനടത്തുന്നുണ്ട്. 75-ൽ 23 പേർ പണിമുടക്കിലാണ്. വിൽപ്പന വിഭാഗവും പ്രസിദ്ധീകരണ വിഭാഗവും ഭരണവിഭാഗവും ഒക്കെ പ്രവർത്തിക്കുന്നുണ്ട്. ഈ പണിമുടക്കിയിരിക്കുന്ന 23 പേരിൽ പതിനാറു പേർ ആഫീസർമാരാണ്. ബാക്കി ക്ലാസ് മൂന്നും നാലും ജീവനക്കാരാണ്. പ്രസ്സിൽ ഡെമോൺസ്ട്രേഷൻ നടത്തുക മാത്രമെ ചെയ്യുന്നുള്ളു. പണിമുടക്കിനു കാരണമായി പറയുന്നത്, ഗവേണിംഗ് ബോഡി എടുത്ത തീരുമാനം ഡയറക്ടർ നടപ്പിലാക്കിയത് റദ്ദു ചെയ്യണമെന്നാണ്. അർഹതയുടെയും സീനിയോറിട്ടിയുടെയും അടിസ്ഥാനത്തിൽ നിയമനം നടത്തണമെന്നാണ് ഗവേണിംഗ് ബോഡി തീരുമാനിച്ചത്. എന്നാൽ അർഹതയുടെ കാര്യം വിട്ടുകളഞ്ഞു സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ മാത്രം കോഴിക്കോട് പുതിയ ബ്രാഞ്ചു ഉണ്ടാകുമ്പോഴെ നിയമനം നടത്തണമെന്നു ഒരു വിഭാഗം ശഠിക്കുന്നു. ഗവേണിംഗ് ബോഡി എടുത്ത തീരുമാനം ഡയറക്ടർക്ക് മാറ്റാൻ സാധ്യമല്ല. അതുകൊണ്ട് മുഖ്യമന്ത്രി തിരിച്ചു വന്നതിനുശേഷം ഗവേണിംഗ് ബോഡിയുടെ അടുത്ത യോഗം വിളിച്ചുകൂട്ടി ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നു പരിശോധിക്കുന്നതാണ്. ഗവേണിംഗ് ബോഡിയുടെ തീരുമാനം റദ്ദു ചെയ്യാൻ കഴിയുമോ എന്നു എനിക്കു ഉറപ്പു പറയാൻ കഴിയുകയില്ല. അതു ഗവേണിംഗ് ബോഡിയാണ് തീരുമാനിക്കേണ്ടതു്. എങ്കിലും സീനിയോറിട്ടി കം മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താവു. അവിടെ പ്രസ്സിൽ നടത്തിയ നിയമനം റദ്ദാക്കണം എന്നാണ് അവരുടെ ആവശ്യം. എങ്കിലും ഡയറക്ടർക്കു അതു ചെയ്യാൻ നിവൃത്തിയില്ല. ഇപ്പോഴും അവിടെ പണിമുടക്ക് എന്ന നിലയ്ക്കു സ്തംഭനാവസ്ഥ ഒന്നുംതന്നെയില്ല. ആഫീസർമാർ പണിമുടക്കിയതുകൊണ്ടു മാറ്ററിനു ബുദ്ധിമുട്ടുണ്ടാകുമെന്നു സംശയം തോന്നാം. പക്ഷേ മൂന്നുമാസത്തേയ്ക്കുള്ള മാറ്റർ കൈവശം ഉള്ളതുകൊണ്ടു ഇപ്പോഴും അവിടെ സ്തംഭനാവസ്ഥ ഒന്നും ഇല്ല. അവരുടെ അതൃപ്തി, പ്രത്യേകിച്ചും ആഫീസർമാരുടെ അതൃപ്തി ഗവേണിംഗ് ബോഡിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഗവേണിംഗ് ബോഡി ഇതു സംബന്ധിച്ച് തീരുമാനം എടുക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യാം. മുഖ്യമന്ത്രിയാണ് ഗവേണിംഗ് ബോഡിയുടെ അദ്ധ്യക്ഷൻ. അദ്ദേഹത്തോടു ചോദിച്ചാണ് വിളിച്ചു കൂട്ടേണ്ടതു്. അദ്ദേഹം വന്നതിനുശേഷം ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണെന്നു സഭയെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നം വളരെ ലഘൂകരിച്ചു കണ്ടു എന്നതിൽ ഖേദം ഉണ്ട്. പ്രശ്നം ഇതു മാത്രമല്ല. ആ ഗവേണിംഗ് ബോഡിയുടെ തീരുമാനം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് മറ്റൊരു ആക്ഷേപം ഉണ്ട്. നാട്ടിലൊട്ടാകെ അവർ പ്രസിദ്ധീകരിച്ചതും പത്രത്തിൽ വന്നിട്ടുള്ളതുമായ കാര്യമാണ്. ഇതെല്ലാം സംസാരിക്കാൻ ചെന്ന ജീവനക്കാരെ അവർ ഘെരാവോ ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞിട്ടും കേൾക്കാതെ പോലീസിനെ വിളിച്ചുവരുത്തി അറസ്റ്റു ചെയ്യിച്ചു. ഘെരാവോ ചെയ്തു എന്നുതന്നെ സമ്മതിക്കുക. എന്നാൽത്തന്നെ പിടിച്ചുമാറ്റുകയാണ് പതിവ്. മാറ്റിയെന്നല്ല അവരെ അറസ്റ്റുചെയ്തു കേസെടുക്കുമെന്നു പറഞ്ഞു. അവരിൽ അമ്പതുപേരുടെ പേരിൽ കേസ് എടുത്തിരിക്കുന്നു. അതിൽ എം. ആർ. തമ്പാനെ സസ്പെൻഡ് ചെയ്തിരിക്കുകയും ആണ്. യൂണിയന്റെ പ്രവർത്തകനാണ് അദ്ദേഹം. അതിനെത്തുടർന്ന് ഏതാണ്ട് പോലീസിന്റെ സഹായം കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് നടത്താൻ വയ്യാത്ത സ്ഥിതിയാണുള്ളത്. പോലീസിനെ കൊണ്ടുവന്ന് കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്ന അവസരങ്ങളിൽ പോലീസിനെ കിട്ടാത്തതുകൊണ്ട് ആ ദിവസങ്ങളിൽ ആഫീസുതന്നെ അടച്ചിട്ടു. ഇങ്ങനെ പോലീസ് ക്യാമ്പ് ആക്കി മാറ്റിയിരിക്കുന്നതിലുള്ള പ്രതിഷേധം കൂടിയാണ് ജീവനക്കാർക്ക് ഉള്ളത്. സീനിയോറിറ്റി ബേസ്സിൽ പ്രമോട്ട് ചെയ്തത് കോഴിക്കോട് ശാഖയിലേക്ക് ആളുകളെ നിയമിക്കണമെന്ന വ്യവസ്ഥ ഗവൺമെന്റ് ഇടപെട്ട് തീരുമാനിക്കപ്പെട്ട കാര്യമാണ്. ഗവേണിംഗ് ബോഡിയുടെ തീരുമാനമാണെങ്കിൽത്തന്നെയും ഗവൺമെന്റ് അംഗീകരിച്ച തത്വത്തിന്റെ അടിസ്ഥാനത്തിൽ ഗവേണിംഗ് ബോഡിക്ക് വേണ്ട നടപടി നടത്തുകയും ചെയ്യാവുന്നതാണ്.

പ്രശ്നത്തിന്റെ ഒരു ഭാഗം മാത്രമാണ് മന്ത്രി ഇവിടെ പറഞ്ഞത്. വിജ്ഞാനമുദ്രണം പ്രസ്സിൽ 17-ാം തീയതി മുതൽക്കും 12-ാം തീയതി മുതൽക്ക് അക്കാഡമിക്ക് വിഭാഗത്തിലും ഭരണവിഭാഗത്തിലും ഉൾപ്പെടെ ഉള്ള ആളുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പണിമുടക്കിലാണ്. പണിമുടക്കിയിട്ടുള്ള ആളുകൾ മറ്റു തരത്തിൽ പ്രേരിപ്പിച്ച് യൂണിയൻ ഉണ്ടാക്കി പിന്നെ ഏൽപ്പിച്ചിട്ടുണ്ട് എന്നുള്ളത് വേറെ പ്രശ്നം. അതുകൊണ്ട് പണിമുടക്കിയ ആളുകളുടെ എണ്ണം കുറച്ചുകാണിച്ചാലും ശരി, പണിമുടക്കിന് അടിസ്ഥാനമായ പ്രശ്നം വളരെയേറെ അവശേഷിക്കുന്നുണ്ട്. 12-ാം തീയതി മുതൽക്ക് തുടങ്ങിയതാണ് ഈ പ്രശ്നം. പ്രസ്സിലെ പ്രശ്നം അതിനേക്കാളും ഗുരുതരമായ അവസ്ഥയിലാണ്. നമ്മുടെ രാജ്യത്തിനും അപമാനകരമായ കാര്യമാണ്. പെയിഡ് അപ്രെന്റീസായി ജോലിനോക്കിയിരുന്ന മൂന്ന് ഹരിജൻ പെൺകുട്ടികളെ പിരിച്ചുവിട്ടു. സംവരണതത്വം ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതേവരെ നടപ്പിൽ വരുത്തിയിട്ടില്ല. അത് നടപ്പിൽ വരുത്താത്തത് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു കുറവാണ്. ഈ മൂന്ന് ഹരിജൻ പെൺകുട്ടികളെ ഞങ്ങളെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെൻറുത്തരവ് കിട്ടിയാൽ തിരിച്ചെടുക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവുംകൊണ്ട് ചെന്നപ്പോൾ ആ പോസ്റ്റ് ഇപ്പോൾ ഇല്ല, അതുകൊണ്ട് വേക്കൻസിയില്ലായെന്നു പറഞ്ഞു നിയമിച്ചില്ല. അതിനുശേഷം അതേ വേക്കൻസിയിൽ ആളുകളെ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകാർക്ക് എഴുതിയിരിക്കുന്നു. പെയിഡ് അപ്രെന്റീസായി ജോലിനോക്കിയിരുന്ന ഈ പെൺകുട്ടികളെ നിയമിക്കുന്നതിന് ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവെങ്കിലും അങ്ങയുടെ ഡിപ്പാർട്ടുമെൻറ്, ഉന്നതവിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിന് ഗവേണിംഗ് ബോഡി കൂടേണ്ട കാര്യമില്ലല്ലോ? ആ ഉത്തരവ് നടപ്പാക്കിയിട്ടില്ലന്ന് മാത്രമല്ല, വേക്കൻസിയില്ലെന്ന് പറഞ്ഞ ആ പോസ്റ്റിലേക്ക് പുതിയ ആളുകളെ ക്ഷണിച്ചിരിക്കുകയാണ്. അങ്ങനെ നമ്മുടെ രാജ്യത്ത് കേട്ടുകേൾവിയില്ലാത്ത രീതിയിൽ ഇതുപോലെയുള്ള ഉന്നതസ്ഥാനത്തിരുന്നുകൊണ്ട് പ്രവർത്തിക്കുകയാണ് മി. ഉമ്മർകുട്ടി. അതിനെക്കാളും എല്ലാത്തിലും വിശേഷമായി ഉള്ള കാര്യം എന്താണെന്നുവച്ചാൽ ലേബർ ആഫീസർ പ്രസ്സിന്റെ കാര്യത്തിൽ കാൺഫറൻസ് വിളിച്ചിട്ടുണ്ടായിരുന്നു. ലേബർ ആഫീസർക്ക് എന്നെ വിളിച്ചുവരുത്താൻ അധികാരമൊന്നുമില്ലെന്ന് പറഞ്ഞുകൊണ്ട്, ലേബർ ആഫീസർ വിളിച്ചാൽ തന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരിക്കുന്ന തർക്കം തീർക്കാൻ പോകേണ്ട കാര്യമില്ലെന്ന" പറഞ്ഞുകൊണ്ട് എഴുതി അറിയിച്ചിരിക്കുന്നു. അങ്ങനെ ഒന്നാംതരമായി നടന്നുകൊണ്ടിരുന്ന ഈ പ്രധാനപ്പെട്ട സ്ഥാപനത്തെ നശിപ്പിക്കുന്ന രീതിയിലേക്ക് കാര്യങ്ങളം കൊണ്ടുപോയി, ഇത് ഏറ്റവും അപമാനകരമായ രീതിയാണ്. അതുകൊണ്ട് പന്ത്രണ്ടാം തീയതിയും പതിനേഴാം തീയതിയും തുടങ്ങിയിട്ടുള്ള ഈ സമരം അവസാനിപ്പിക്കുന്നതിന് എത്രയും വൈകാതെതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഞാൻ ആക്ഷേപം പറയുകയല്ല, മൂന്ന് ഹരിജൻ പെൺകുട്ടികളെ നിയമിച്ചില്ലെന്ന കാര്യം മനപ്പൂർവ്വം മറുപടി തന്നതാണോ മറച്ചുവച്ചത് എന്തുകൊണ്ടാണ്? എഴുതിക്കൊടുത്ത മാറ്ററിൽ അതുംകൂടി ഉണ്ട്. അതുകൊണ്ട് അടിയന്തിരമായി ഇടപെട്ട് ഈ പ്രശ്നം തീർക്കുന്നതിനുള്ള നടപടി എടുക്കണം. ഇതാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, അവിടെ ഷെരാവോ നടന്നുവെന്നത് വാസ്തവമാണ്. ഷെരാവോ നടന്നു എന്നു മാത്രമല്ല, ഡോ: ഉമ്മർകുട്ടിയെ വ്രതം മുറിക്കാൻപോലും അവിടത്തെ തൊഴിലാളികൾ അനുവദിച്ചില്ല എന്നത് പരമാർത്ഥമാണ്. എന്തായാലും അതിനുശേഷം പോലീസ് സഹായം ആവശ്യപ്പെട്ടില്ല. ഈ സസ്പെൻഷന് കാരണം ഷെരാവോ അല്ല. അവിടെ ഭീകരാവസ്ഥ ഷെരാവോയുടെ പേരിൽ സൃഷ്ടിച്ചതാണ്. അതിന്റെ പേരിൽ അക്രമം ഉണ്ടാകുമെന്ന് ഭയന്നാണ് പോലീസിനെ വച്ചിട്ടുള്ളത്. സ്ഥിതിഗതി ശാന്തമായാൽ പോലീസ് ഉണ്ടാകുകയില്ല. സംവരണതത്വം പാലിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം തീരുമാനമെടുത്തിട്ടുണ്ടെന്നേ വിവരം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഹരിജനങ്ങളെ നിശ്ചയിച്ചുകൊള്ളണമെന്ന് ഗവൺമെൻറ് ഉത്തരവ് കൊടുത്തിട്ടുള്ളതായി അറിയില്ല. ഉത്തരവ് കൊടുത്തിട്ടുണ്ടാകുകയില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ഹരിജനങ്ങളെ നിയമിക്കുന്നതാണ്. ആ സീറ്റ് ഹരിജനങ്ങൾക്ക് സംവരണം ചെയ്തുകൊടുക്കുന്നതാണ്. അവർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന വരണം എന്നു മാത്രമേ ഉള്ളൂ. എന്തായാലും ഗവേണിംഗ് ബോഡിയുടെ തീരുമാനം ഗവൺമെൻറ് ഉത്തരവുകൊണ്ട് നടപ്പാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഗവേണിംഗ് ബോഡി ഉടനെതന്നെ വിളിച്ചുകൂട്ടുന്നതായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: മുഖ്യമന്ത്രി വന്നതിനുശേഷം ഗവേണിംഗ് ബോഡി വിളിച്ചുകൂട്ടി ആവശ്യമായ തീർപ്പ് എടുക്കാൻ ഗവൺമെൻറ് പരിശ്രമിക്കുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly